**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3560** **02-03-2023 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയിലൂടെ വിജ്ഞാന സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. കെ .ഡി .പ്രസേനൻ ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. പി.വി.അൻവർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കോളേജുകളുടെയും സർവകലാശാലകളുടെയും റാങ്കിംഗിൽ മെച്ചപ്പെട്ട മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ശാസ്ത്രം, സാങ്കേതികവിദ്യ, നവീനത തുടങ്ങിയ മേഖലകളിലെ മുന്നേറ്റം ഇതിന് സഹായകരമായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ ഭാവി തൊഴിൽ സാധ്യതകൾക്കും സാങ്കേതിക വിദ്യകൾക്കും അനുയോജ്യമായ വിധത്തിൽ മാനവ വിഭവ ശേഷി വികസനത്തിന് ആധുനിക വ്യവസായ മേഖലയുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സഹകരണം, സർവ്വകലാശാലയിലെ ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷൻ പഠന സമ്പ്രദായം, പുതിയ സംയോജിത ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ എന്നിവ നടപ്പിൽ വരുത്തി വരുന്നു. മിക്ക സയൻസ് ഡിപ്പാർട്ട്മെന്റുകൾക്കും അവരുടെ പാഠ്യപദ്ധതിയുടെ ഭാഗമായി സമ്മർ ഇന്റേൺഷിപ്പുകളും പ്രബന്ധ പദ്ധതികളും ഉണ്ട്. അതോടൊപ്പം തന്നെ സർവ്വകലാശാല പഠന ബോർഡുകളിൽ അതാതു വിഷയങ്ങളുമായി ബന്ധപ്പെട്ട വ്യവസായ മേഖലയിൽ നിന്നുള്ള പ്രഗത്ഭരെ ഉൾപ്പെടുത്തിയിട്ടുണ്ട്<br><br>മേൽപ്പറഞ്ഞ വിഷയങ്ങൾ നടപ്പാക്കുക വഴി സംസ്ഥാനത്തെ കോളേജുകളുടെയും സർവ്വകലാശാലകളുടെയും റാങ്കിംഗിൽ മെച്ചപ്പെട്ട മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ വിജ്ഞാന സമൂഹമാക്കി മാറ്റാനും അതുവഴി വിജ്ഞാന സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കാനും ഉന്നതവിദ്യാഭ്യാസ മേഖലയിൽ സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുകയെന്ന ലക്ഷ്യം മുൻനിർത്തി യു.ജി.സി യും, ഉന്നതവിദ്യാഭ്യാസ വകുപ്പും സമയാസമയങ്ങളിൽ മുന്നോട്ടുവെക്കുന്ന ശുപാർശകളുടെ അടിസ്ഥാനത്തിൽ, സർവകലാശാലകളിൽ /പിജി റെഗുലേഷനുകൾ പരിഷ്കരിക്കാറുണ്ട്. കൂടാതെ, സംസ്ഥാനത്തെ വിജ്ഞാന സമൂഹമാക്കി മാറ്റാനും അതുവഴി വിജ്ഞാന സമ്പദ് വ്യവസ്ഥ |

| | | | |
|---|---|---|---|
| | | | കെട്ടിപ്പടുക്കാനും ഉന്നതവിദ്യാഭ്യാസ മേഖലയിൽ സ്വീകരിച്ച് വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br><br>(1) കരിക്കുലം പരിഷ്കരണം<br><br>(2) സാക്ക് (SAAC State Assessment & Accreditation Centre)<br><br>(3) കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് Kerala Institutional Ranking Framework) (KIRF)<br><br>(4) പുതുതലമുറ കോഴ്സുകൾ<br><br>(5) ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ<br><br>(6)സെന്റേഴ്സ് ഓഫ് എക്സലെൻസ്<br><br>(7) കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (കാൾനെറ്റ് )<br><br>(8) DIGICOL (കോളേജുകൾക്ക് ലേർണിംഗ് മാനേജെന്റ് സിസ്റ്റം)<br><br>(9)ഇ-ജേർണൽ കൺസോർഷ്യം<br><br>(10) ബ്രെയിൻ ഗെയിൻ |

സെക്ഷൻ ഓഫീസർ